(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ജലനിധി പദ്ധതിയിലൂടെ നേടിയെടുത്ത മൊത്തം ഭൗതിക പുരോഗതി അനുബന്ധമായി കൊടുത്തിരിക്കുന്നു.†

ജലനിധി പദ്ധതി

87 [3341] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി നിലവിൽ സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സന്നദ്ധ സംഘടനകൾക്ക് (എൻ. ജി. ഒ.) പദ്ധതി പണത്തിന്റെ എത്ര ശതമാനമാണ് ലഭിക്കുന്നത്;

(സി) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികളിൽനിന്നും എൻ. ജി. ഒ. സി.-ന് എന്ത് തുകയാണ് ആകെ ലഭിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ജലലഭ്യതയുടെയും ഭൂഗർഭജലത്തിന്റെ ലഭ്യതയുടെയും എന്തെങ്കിലും സാദ്ധ്യതാപഠനം നടത്തിയാണോ ഈ പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 110 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു.

(ബി) എൻ. ജി. ഒ. കൾക്കുള്ള പ്രതിഫലം പദ്ധതി പണത്തിന്റെ ഏതെങ്കിലും ശതമാനക്കണക്കിലല്ല നൽകുന്നത്. അവരിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ ക്കനുസരിച്ച് പ്രതിഫല തുക നിശ്ചയിച്ച് പ്രത്യേകം കരാറിൽ ഏർപ്പെട്ടാണ് സേവനം പ്രയോജനപ്പെടുത്തുന്നത്. പുതുക്കിയ പ്രോജക്ട് എസ്റ്റിമേറ്റ് അനുസരിച്ച് ആകെ പദ്ധതി ചെലവിന്റെ ഏകദേശം 11 ശതമാനത്തോളം തുക എൻ. ജി. ഒ. കൾക്ക് പ്രതിഫലമായി വകയിരുത്തിയിട്ടുണ്ട്.

(സി) 2005 ജൂൺ മാസം വരെ 17.70 കോടി രൂപ ഈയിനത്തിൽ എൻ. ജി. ഒ. കൾക്ക് നൽകിയിട്ടുണ്ട്.

(ഡി) ഗുണഭോക്തൃസംഘങ്ങൾക്ക് ആവശ്യമായ ജലത്തിന്റെ ലഭ്യത ഭൂഗർഭജല ശാസ്ത്രജ്ഞന്റെ സഹായത്തോടെ ഉറപ്പുവരുത്തിയതിനുശേഷമാണ് ജലനിധി പദ്ധതി നടപ്പിലാക്കുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly